പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 216

08-02-2016 – ൽ മറുപടിയ്ക്ക്

**കാസർഗോഡ് മത്സ്യബന്ധന തുറമുഖം**

ചോദ്യം | ഉത്തരം

| | | | |
|---|---|---|---|
| | **ശ്രീ.എൻ.എ.നെല്ലിക്കുന്ന്:** | | **ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| എ) | കാസർഗോഡ് മത്സ്യബന്ധന തുറമുഖ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; ഇതിന്റെ ഉദ്ഘാടനം എപ്പോൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | എ) | കാസർഗോഡ് മത്സ്യബന്ധന തുറമുഖ നിർമ്മാണം ഇപ്പോൾ അന്തിമ ഘട്ടത്തിലാണ്. ഫെബ്രുവരി അവസാനത്തോടെ പണി പൂർത്തീകരിച്ച് ഉദ്ഘാടനം നടത്താമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ ടി തുറമുഖത്തിലെ പുലിമുട്ടുകൾക്കിടയിലെ വീതി കുറവാണെന്ന് മത്സ്യത്തൊഴിലാളികൾ പരാതിപ്പെട്ടതിനാൽ ടി വിവരം ടി പദ്ധതിയുടെ മാതൃകാപഠനം നടത്തിയ പൂനെയിലെ CWPRS എന്ന സ്ഥാപനത്തെ അറിയിക്കുകയുണ്ടായി. പുലിമുട്ടുകൾക്കിടയിലെ മണ്ണിടിയുന്നതിന്റെ വിശദാംശങ്ങളും വെള്ള ത്തിന്റെ ഒഴുക്കും കൃത്യമായ ഇടവേളകളിൽ പരിശോധിക്കാനും CWPRS നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം ഡ്രഡ്ജിംഗ് പ്രവൃത്തി ആരംഭിച്ചിരിക്കുകയാണ്. പുലിമുട്ടുകൾക്കിടയിലെ നിലവിലെ വീതി 3 ബോട്ടുകൾക്ക് ഒരേ സമയം പ്രവേശിക്കുന്നതിന് പര്യാപ്തമാണെന്നാണ് CWPRS അറിയിച്ചിരിക്കുന്നത്. എന്നാൽ രണ്ട് പുലിമുട്ടുകളും ദീർഘിപ്പിച്ച് അതിന്റെ അറ്റത്തെ ഗ്യാപ് വർദ്ധിപ്പിച്ചാൽ മാത്രമേ പദ്ധതി കമ്മീഷൻ ചെയ്യാൻ പ്രദേശത്തെ മത്സ്യത്തൊഴി ലാളികൾ അനുവദിക്കുകയുള്ളൂവെന്ന് അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് സ്ഥലം എം.എൽ.എ, ജില്ലാ കളക്ടർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ യോഗങ്ങൾ ചേരുകയും സംയുക്തമായി സ്ഥലം പരിശോധിക്കുകയും ചെയ്യുകയുണ്ടായി. എന്നാൽ ഇത് സംബന്ധിച്ച് തീരുമാനമായിട്ടില്ല. |
| ബി) | മത്സ്യബന്ധന തുറമുഖത്തിന്റെ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കാൻ ബാക്കിയുള്ളത്; ഇത് പൂർത്തീകരിക്കാൻ വൈകിയിട്ടുണ്ടെങ്കിൽ ആയതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ? | ബി) | ഇലക്ട്രിഫിക്കേഷനും ഡ്രഡ്ജിംഗുമാണ് ഇപ്പോൾ നടന്നുവരുന്നത്. ടി പ്രവൃത്തികൾ ഈ മാസം പൂർത്തീകരിക്കുന്നതാണ്. |

Jeyasree

**സെക്ഷൻ ഓഫീസർ**